ക്ലാസ്സ്
**9**

# മതബോധനകേന്ദ്രം
## മാനന്തവാടി രൂപത
First Semester Examination 2025-26

| | |
|---|---|
| ആകെ മാർക്ക് : 80 | |
| പാർട്ട് 1 : 60 | |
| പാർട്ട് 2 : 20 | |
| സമയം : 2 മണിക്കൂർ | |

## പാർട്ട് 1

**1 മുതൽ 10 വരെ ചോദ്യങ്ങൾക്ക് 1 മാർക്ക് വീതം.** **10×1=10**
**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

1. ദൈവവചനത്തിന്റെ വ്യഖ്യാനമാണ്?

   (പ്രഘോഷണ പ്രാർത്ഥന, സുവിശേഷപ്രസംഗം, ത്രൈശുദ്ധകീർത്തനം)

2. "ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ അവന് എന്ത് പ്രയോജനം." ഈ വചനത്തിന്റെ പ്രചോദനത്താൽ വിശുദ്ധനായത് ആര്?

   (വി. ഫ്രാൻസിസ് അസ്സീസി, വി. ഫ്രാൻസിസ് സേവ്യർ, വി. അഗസ്തീനോസ്)

3. മരിച്ചവരെയും ജീവിക്കുന്നവരെയും പേരുപറഞ്ഞ് അനുസ്മരിക്കുന്ന പ്രാർത്ഥന?

   (സംഭാഷണ പ്രാർത്ഥന, അനുസ്മരണ പ്രാർത്ഥന, പ്രാർത്ഥനായാചന)

4. ഈശോ നമുക്കായി നൽകിയിരിക്കുന്ന സ്വർഗീയ വിരുന്നാണ്?

   (വി. കുർബാന, രോഗീലേപനം, വി. കുമ്പസാരം)

5. വി. കുർബാന സ്വീകരണത്തിനായി എന്തൊക്കെ ചെയ്യണമെന്നും, വി. കുർബാനയുടെ ഫലങ്ങൾ എന്തൊക്കെയാണെന്നും നമ്മെ അനുസ്മരിപ്പിക്കുന്ന പ്രാർത്ഥന?

   (അനുരഞ്ജന കാറോസൂസ, വിഭജന ശുശ്രൂഷ, അനുരഞ്ജന ശുശ്രൂഷ)

6. വി. കുർബാനയിൽ വിശ്വാസികൾ നിൽക്കുന്ന സ്ഥലമാണ് സമൂഹവേദി അല്ലെങ്കിൽ ഹൈക്കല. ഇത് എന്തിനെ സൂചിപ്പിക്കുന്നു?

   (സ്വർഗ്ഗം, ഭൂമി, വചനവേദി)

7. ദൈവാരാധനയിൽ കൂടുതൽ ഉപയോഗിക്കപ്പെടുന്ന അടയാളങ്ങളാണ്?

   (കർമ്മങ്ങൾ, സ്ഥലങ്ങൾ, വാക്കുകൾ)

8. "ദൈവ കല്പനകൾക്കനുസൃതമായ ജീവിതമാണ് യഥാർത്ഥ ആരാധന." ആരുടെ വാക്കുകൾ?

   (വി. തോമസ് അക്വീനാസ്, വി. പൗലോസ്, വി. ഇരേണവൂസ്)

9. പുരോഹിതൻ നീതി അണിയണം എന്നു ഓർമ്മിപ്പിക്കുന്ന നീതിയുടെ വസ്ത്രം?

   (ഊറാറ, പൈന(കാപ്പ), കൊത്തീന)

10. 'സിപ്റ്റിക്സ്' എന്നാലെന്ത്?

    (സമാധനാശംസ, അനുസ്മരണ പ്രാർത്ഥന, ധൂപ്പാർണം)

**താഴെക്കൊടുത്തിരിക്കുന്ന പദങ്ങളെ ഉചിതമായി ചേർത്തെഴുതുക.** 5×1=5

| | | | |
|---|---|---|---|
| 11. | ലിറ്റർജി | – | പ്രഘോഷണ പ്രാർത്ഥന |
| 12. | കാറോസൂസ | – | ഗ്ഹാന്താവൃത്തം |
| 13. | ഒന്നാം പ്രണാമജപം | – | സഭാസമൂഹത്തിന്റെ ഔദ്യോഗിക ആരാധന |
| 14. | വചനവേദി | – | പൊതുപ്രവൃത്തി |
| 15. | വി. കുർബാന | – | ബേമ്മ |

**അനുയോജ്യമായി പൂരിപ്പിക്കുക.** **3×1=3**

16. അനാഫൊറ എന്ന ഗ്രീക്ക് വാക്കിന്റെ അർത്ഥം ...................... ആകുന്നു.
17. കാൽവരിയിലെ ബലിയർപ്പകനും ബലിവസ്തുവും ..................... ആകുന്നു.
18. വിശുദ്ധീകരണ ശുശ്രൂഷക്കായി നിയോഗിക്കപ്പെടുന്നതിന്റെ അടയാളമാണ് വി. കുർബാനയിൽ പുരോഹിതൻ കഴുത്തിൽ ധരിക്കുന്ന ........................................

**ഒറ്റവാക്യത്തിൽ ഉത്തരമെഴുതുക.** **7×2=14**

19. ദൈവൈക്യ ശുശ്രൂഷയുടെ പ്രധാന ഘടകമെന്ത്?
20. അൾത്താരയുടെ വലതുവശത്തുനിന്നും സുവിശേഷ ഗ്രന്ഥമെടുത്ത് ആഘോഷമായി ബേമ്മയിലേക്ക് വരുന്നതെന്തിനെ സൂചിപ്പിക്കുന്നു?
21. ഒന്നാം പ്രണാമജപത്തിലെ പ്രാർത്ഥനയുടെ മുഖ്യഘടകമെന്ത്?
22. വി. കുർബാനയിൽ ദിവ്യകാരുണ്യം സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെന്ത്?
23. വി. കുർബാനയിൽ അപ്പവും വീഞ്ഞും എന്തിനെ സൂചിപ്പിക്കുന്നു?
24. ദൈവാരാധനയിൽ ചിത്രപ്പണികളാൽ അലങ്കരിക്കപ്പെട്ട മദ്ബഹ എന്തിനെ സൂചിപ്പിക്കുന്നു?
25. വിശ്വാസ പ്രമാണത്തിൽ നമ്മൾ ഏറ്റുപറയുന്നതെന്താണ്?

**മൂന്നോ നാലോ വാക്യങ്ങളിൽ ഉത്തരമെഴുതുക.** **4×4=16**

26. ആത്മാവിലും സത്യത്തിലും ആരാധനയർപ്പിക്കേണ്ടത് എങ്ങനെയാണെന്നാണ് ഈശോ പഠിപ്പിച്ചത്?
27. ദൈവാരാധനയിൽ അടയാളങ്ങളുടെയും പ്രതീകങ്ങളുടെയും പ്രാധാന്യമെന്ത്?
28. ഉത്ഥാനഗീതം നമ്മെ അനുസ്മരിപ്പിക്കുന്നതെന്താണ്?
29. ദൈവാരാധനയിൽ സ്ലീവ എന്തിന്റെയൊക്കെ പ്രതീകമാണ്?

**ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക.** **1×5=5**

30. വി. കുർബാനയിലെ റൂഹാക്ഷണ പ്രാർത്ഥന

**വിശദീകരിച്ച് ഉത്തരമെഴുതുക.** **1×7=7**

31. ദൈവവചനത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?

## പാർട്ട് 2

**ഉത്തരമെഴുതുക.** **4×1=4**

32. പാശ്ചാത്യസഭയിലെ ഏറ്റവും പ്രധാനപ്പെട്ട ചരിത്രകാരൻ?
33. പൗരസ്ത്യ സുറിയാനി സഭയുടെ മറ്റൊരു പേര്?
34. വ്യക്തി സഭയുടെ തലവൻ?
35. സീറോ മലബാർ രൂപതകളുടെ എണ്ണം?

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.** **2×2=4**

36. പ്രതിസന്ധികൾക്കിടയിലും വെല്ലുവിളികൾക്കിടയിലും കുടിയേറ്റ ജനതയെ ശക്തിപ്പെടുത്തിയ രണ്ടു കാര്യങ്ങളേവ?
37. മാനന്തവാടി രൂപതാംഗങ്ങളായ രണ്ടു മെത്രാന്മാരുടെ പേരെഴുതുക?

**മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.** **3×4=12**

38. അനനിയാസും സഫീറയും പത്രോസിന്റെ കാൽക്കൽവീണ് മരിക്കാനിടയായ സംഭവമെന്ത്?
39. കുടിയേറ്റ നാളുകളിലെ നാലു പ്രധാന വെല്ലുവിളികൾ എഴുതുക.
40. നല്ല കുമ്പസാരത്തിനുവേണ്ട ഏതെങ്കിലും നാലു കാര്യങ്ങൾ എഴുതുക.